# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

## "പാർട്ണർ കേരള" പദ്ധതി

T5920 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "പാർട്ണർ കേരള" പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) "പാർട്ണർ കേരള" പദ്ധതിയിൽ പങ്കാളികളാവാൻ ഏതെല്ലാം സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) "പാർട്ണർ കേരള" പദ്ധതിക്കായി ഏതെല്ലാം വകുപ്പുകളുടെ നേതൃത്വത്തിൽ പാർട്ണേഴ്സ് മീറ്റ് നടത്തുകയുണ്ടായി; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പാര്‍ട്ണര്‍ കേരള നിക്ഷേപക സംഗമം</u>

5921 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാര്‍ട്ണര്‍ കേരള നിക്ഷേപക സംഗമം സംസ്ഥാനത്തിന്റെ വികസനത്തില്‍ എന്തൊക്കെ സംഭാവനകള്‍ നല്‍കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പി. പി. പി. അടിസ്ഥാനത്തില്‍ നഗരസഭകളുടെ ആഭിമുഖ്യത്തില്‍ നടത്താനുദ്ദേശിച്ചിട്ടുള്ള പദ്ധതികള്‍ നഗരസഭകളുടെ സാമ്പത്തിക നിലയില്‍ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളുണ്ടാക്കുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(സി) നഗരസഭകളുടെ വികസന പ്രക്രിയയില്‍ പി. പി. പി. പദ്ധതികള്‍ ഒരു സ്ഥിരം സംവിധാനമായി നിലനിര്‍ത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കില്‍ ഇതിനായി എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>നിർമ്മൽ ഭാരത് അഭിയാൻ</u>

5922 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിർമ്മൽ ഭാരത്' അഭിയാന്റെ രണ്ടാം ഘട്ടപ്രവർത്തനങ്ങൾക്കായി അനുവദിച്ച കേന്ദ്ര ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 'നിർമ്മൽ ഭാരത്' അഭിയാന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ

5923 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, പാലോട് രവി
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) നഗരവികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്: വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്കായി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന് കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>'മിഷൻ 676'</u>

5924 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മിഷൻ 676' പദ്ധതിയിൽപ്പെടുത്തി നഗരകാര്യവകുപ്പിനു കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തുതുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി</u>

5925 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിക്കുവേണ്ടി 2013-14 സാമ്പത്തികവർഷത്തിൽ എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ നഗരങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

(ഡി) എത്ര കുടുംബങ്ങൾ പദ്ധതിയിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് ഇതുവരെ തൊഴിൽ ലഭ്യമാക്കിയെന്നും വിശദമാക്കുമോ;

(ഇ) ഇതുവരെ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

മുനിസിപ്പാലിറ്റികളുടെ വികസനം

5926 ശ്രീ. സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ മുനിസിപ്പാലിറ്റികളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ബൃഹത്തായ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതിക്കുവേണ്ടി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ അടങ്കൽതുക എത്രയാണ്; വിശദാംശങ്ങൾ അറിയിക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

നഗരസഭകളുടെ രൂപീകരണം

T5927 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതിയ മുൻസിപ്പാലിറ്റികൾ രൂപീകരിക്കുന്നതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമോ; മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതു മൂലമുണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; കൂടുതൽ കേന്ദ്ര ഫണ്ട് ലഭ്യമാകുവാൻ സാധ്യതയുണ്ടോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ടെർമിനലുകൾ</u>

5928 ശ്രീ.ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ടെർമിനലുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പി. പി. പി. പദ്ധതി</u>

5929 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പി. പി. പി. പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതികൾക്ക് സാധാരണയായി എത്ര വർഷത്തെ കരാറാണ് ഉണ്ടാക്കുന്നത്?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>നഗരങ്ങളിലെ കുടിവെള്ള വിതരണം</u>

5930 ശ്രീ. കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കുടിവെള്ള വിതരണത്തിനായി നഗരകാര്യ വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>നഗരങ്ങളിൽ ബസ്സ് ഷെൽട്ടറുകൾ</u>

5931 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബസ്സ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ:

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തിന് പദ്ധതി</u>

5932 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

## കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

<u>നഗരശുചിത്വത്തിന് പദ്ധതി</u>

5933 ശ്രീ. എം. എ വാഹീദ്
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരശുചിത്വം നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>തിരുവനന്തപുരം നഗരത്തിലെ മാലിന്യനിർമ്മാർജ്ജനം</u>

5934 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടണങ്ങളിലെ മാലിന്യനിർമ്മാർജ്ജനത്തിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) മാലിന്യ നിർമ്മാർജ്ജനം ഏറ്റവും ഗുരുതരമായ പ്രശ്നമായിത്തീർന്നിരിക്കുന്ന തിരുവനന്തപുരം നഗരത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി എന്തുനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>മാലിന്യ സംസ്ക്കരണത്തിനായുള്ള പദ്ധതികൾ</u>

5935 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മാലിന്യസംസ്ക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തുതുക ചെലവഴിച്ചെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>നഗരങ്ങളിൽ വൻകിട പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ</u>

5936 ശ്രീ. സണ്ണി ജോസഫ്
,, സി.പി. മുഹമ്മദ്
,, റ്റി.എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വൻകിട പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റുകൾ

5937 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഏതെല്ലാം നഗരസഭകളിൽ പ്ലാന്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ നഗരസഭകളിലും ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇത്തരം പ്ലാന്റുകളിൽ ലഭ്യമാകുന്ന മാലിന്യങ്ങൾ സംസ്കരിച്ച് വീണ്ടും ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കോർപ്പറേഷനുകൾക്ക് ലഭിക്കുന്ന കേന്ദ്രഫണ്ട്</u>

5938 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളുടെ വികസനാവശ്യങ്ങൾക്ക് കേന്ദ്രത്തിൽനിന്ന് പ്രതിവർഷം എത്ര കോടി രൂപയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് എന്നറിയിക്കുമോ;

(ബി) കഴിഞ്ഞ ത്രിതല പഞ്ചായത്ത് ഇലക്ഷനുശേഷം ഓരോ കോർപ്പറേഷനും എന്തു തുകവീതം കേന്ദ്രത്തിൽനിന്ന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്രഫണ്ട് വിനിയോഗത്തിന് പ്രത്യേകമായ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ കോർപ്പറേഷനുകളിലെ ഭരണസമിതികൾക്ക് നൽകാറുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷനുകൾ ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത കേന്ദ്രഫണ്ട് വിനിയോഗിച്ചതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>മെട്രോപൊളിറ്റൻ കമ്മീഷണറേറ്റ്</u>

T5939

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപൊളിറ്റൻ കമ്മീഷണറേറ്റ് രൂപീകരിക്കാനുള്ള തീരുമാനം ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ നഗരസഭയിൽ വീട് നിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷകൾ</u>

5940 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭയിൽ വീട് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ലഭിക്കുന്നതിനായി തീരദേശപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; നഗരസഭാ ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട് ; തീർപ്പാക്കാനുള്ള അപേക്ഷകൾ എത്ര ; പെർമിറ്റ് നൽകുന്നതിനുള്ള തടസ്സം എന്താണ് ; വ്യക്തമാക്കുമോ;

(സി) സി.ആർ.ഇസഡ്. നിയമം കാരണം പെർമിറ്റ് നൽകാത്ത എത്ര അപേക്ഷകൾ ഉണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>അങ്കമാലിയിൽ പട്ടികജാതി കുടുംബങ്ങൾക്കുവേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം</u>

5941 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നഗരസഭയിൽ പട്ടികജാതി കുടുംബങ്ങൾക്കായി പീച്ചാനിക്കാട് പ്രദേശത്ത് ഫ്ളാറ്റ് നിർമ്മാണത്തിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിച്ച് പ്രസ്തുത പ്രദേശത്ത് താമസിപ്പിച്ചിരിക്കുന്നവരെ ഫ്ളാറ്റ് നിർമ്മാണം ആരംഭിക്കുന്നതോടെ പുരരധിവസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

'അങ്കമാലിയിൽ ഒരു പാർക്ക്' പദ്ധതി

5942 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നഗരസഭയിൽ എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽനിന്ന് തുക ലഭ്യമാക്കാമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജി.സി.ഡി.എ യുടെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അങ്കമാലിയിൽ ഒരു പാർക്ക് എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ:

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

**കാഞ്ഞങ്ങാട് നഗരസഭയിലെ മത്സ്യമാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ്**

5943 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിലെ മത്സ്യമാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ; പ്രസ്തുത പ്ലാന്റിന് എത്ര ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ:

(ബി) പ്രസ്തുതപ്ലാന്റ് പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുതപ്ലാന്റ് പ്രവർത്തനക്ഷമമല്ലാതായതിന് ഉത്തരവാദികളായവർക്കെതിരെ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനെതിരെ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നഗരസഭ വക്കീൽ നോട്ടീസ് നൽകിയതിനു പുറമേ മറ്റു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>കിടപ്പാടമില്ലാത്തവരുടെ പുനരധിവാസം</u>

5944 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ സ്വന്തമായി കിടപ്പാടമില്ലാത്തവരുടെ പുനരധിവാസത്തിന് വീടുകളോ പാർപ്പിടസമുച്ചയങ്ങളോ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗക്കാരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വേണ്ടിവരുന്ന തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ധനസഹായം നൽകുന്നവരെ നിയമാനുസൃത നികുതി ഇളവിന് അർഹരാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>കൽപ്പറ്റ നഗരസഭയിലെ ഗിരിവർഗ്ഗക്കാർക്കുള്ള ഫ്ളാറ്റിന്റെ നിർമ്മാണം</u>

5945 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നഗരസഭയിലെ ഗിരിവർഗ്ഗക്കാർക്കുള്ള ഫ്ളാറ്റിന്റെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫ്ളാറ്റുകൾ അനുവദിച്ചു നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ</u>

5946 ശ്രീ.എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ വഴിയോരങ്ങളിൽ സ്ഥാപിക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽപെടുന്നതാണോയെന്നറിയിക്കുമോ;

(ബി) നിലവിലുള്ള പ്രാഥമികാവശ്യങ്ങൾക്കുള്ള കേന്ദ്രങ്ങൾ രോഗം പരത്തുന്ന കേന്ദ്രങ്ങളായി മാറിയിട്ടുണ്ടെന്നതും പൊതുജനങ്ങളിൽനിന്ന് പണം പിരിച്ചെടുക്കുന്നതിൽ പ്രസ്തുത കേന്ദ്രങ്ങളുടെ കോൺട്രാക്ടർമാർ നീതി രഹിതമായി പ്രവർത്തിക്കുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗജന്യകേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മറ്റുസംസ്ഥാനങ്ങളിൽ പലയിടത്തും പ്രാഥമികാവശ്യങ്ങൾക്കായുള്ള സൗജന്യകേന്ദ്രങ്ങൾ വൃത്തിയായും ജലലഭ്യത ഉറപ്പാക്കിയും നിലനിർത്തുന്നതും, മെച്ചപ്പെട്ട പേ & യൂസ് സംവിധാനങ്ങൾ നിലവിലുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് സൗജന്യമായി ഉപയോഗിക്കാനുള്ള പ്രസ്തുത കേന്ദ്രങ്ങൾ ആവശ്യാനുസരണം സ്ഥാപിക്കാനും പരിപാലിക്കാനും നടപടി സ്വീകരിക്കുമോ;

(എഫ്) ഇത്തരം കേന്ദ്രങ്ങളിൽ നടക്കുന്ന അനധികൃത മദ്യവില്പനയും മയക്കുമരുന്നു കച്ചവടവും അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി കർശന നിർദ്ദേശം നല്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

മുനിസിപ്പാലിറ്റി റോഡുകളുടെ നവീകരണം

5947 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റി റോഡുകൾ പി.ഡബ്ല്യൂ.ഡി. മുഖേന നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മുനിസിപ്പാലിറ്റിക്കും എന്തു തുക വീതം റോഡ് നവീകരണത്തിന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

നഗരസഭാതിർത്തികളിലെ കെട്ടിടനിർമ്മാണാനുമതി

5948

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭാതിർത്തികളിൽ കെട്ടിടനിർമ്മാണാനുമതി നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം അപേക്ഷകളിൽ അനുമതി നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; അപേക്ഷയിൽ അപാകതകളുണ്ടെങ്കിൽ അതു പരിഹരിക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകാറുണ്ടോ;

(സി) ഉണ്ടെങ്കിൽ അനുമതി നൽകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് എന്തു നടപടിയാണ് കൈക്കൊള്ളുന്നത് എന്നറിയിക്കുമോ;

(ഡി) തീർപ്പാക്കാതെ കിടക്കുന്ന അത്തരം അപേക്ഷകളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>അനധികൃത നിർമ്മാണങ്ങൾ</u>

5949 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, വി. ശിവൻകുട്ടി
ഡോ. കെ.ടി. ജലീൽ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ അനധികൃത കെട്ടിടനിർമ്മാണങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ചില ഉദ്യോഗസ്ഥർ ഇതിന്റെ മുഖ്യകാരണക്കാരാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അനധികൃത നിർമ്മാണങ്ങളുടെ പേരിൽ ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെടാറുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) അനധികൃതമായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണവും അതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) അനധികൃത നിർമ്മാണം ആരംഭത്തിൽതന്നെ തടയാതിരിക്കുന്നത് കൈക്കൂലിക്കുവേണ്ടിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൈക്കൂലിക്കാരെ കണ്ടെത്തുന്നതിലും ശിക്ഷിക്കുന്നതിലും വീഴ്ചയുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കുട്ടി അഹമ്മദ്കുട്ടി കമ്മീഷൻ ശുപാർശകൾ</u>

5950 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരിപക്ഷം നഗരസഭകളും ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാനാവാതെ ബുദ്ധിമുട്ടുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം പഠിക്കുവാൻ നിയോഗിക്കപ്പെട്ട കുട്ടി അഹമ്മദ് കുട്ടികമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുമോ;

(സി) പ്രസ്തുത ശുപാർശകൾ നടപ്പാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

<u>കുടിശ്ശികത്തുക ജി. പി. എഫ്. – ൽ ലയിപ്പിക്കാത്ത നടപടി</u>

5951 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒൻപതാം ശമ്പളക്കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കിയപ്പോൾ തിരുവനന്തപുരം കോർപ്പറേഷനിൽ എൻജിനീയറിംഗ് സെക്ഷനിൽ ജോലിനോക്കിയിരുന്ന 3–ാം ഗ്രേഡ് ഓവർസീയർ/വർക്ക് സൂപ്രണ്ടുമാരുടെ ശമ്പളം ഫിക്സ് ചെയ്തപ്പോൾ ലഭിക്കേണ്ട കുടിശ്ശികയിൽ ഓരോരുത്തർക്കും എന്തുതുക വീതം നൽകിയെന്ന് പ്രസ്തുത വ്യക്തികളുടെ പേരുസഹിതം വ്യക്തമാക്കുമോ;

(ബി) ഇവരുടെ കുടിശ്ശികത്തുക ജനറൽ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നാളിതുവരെയും ഇവരുടെ കുടിശ്ശികത്തുക ജനറൽ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; കുടിശ്ശികത്തുക യഥാസമയം ജി. പി. എഫ്.–ൽ ലയിപ്പിക്കാതിരുന്നതിന് ഉത്തരവാദി യാരെന്നറിയിക്കുമോ;

(ഡി) പ്രസ്തുത കുടിശ്ശികത്തുക ഇനി ജനറൽ പ്രോവിണ്ടന്റ് ഫണ്ടിൽ ലയിപ്പിക്കാൻ കഴിയുമോ; എങ്കിൽ എന്നത്തേക്ക് ആയതിന് കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമിക്ക് ധനസഹായം</u>

5952 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമിക്ക് ന്യൂനപക്ഷങ്ങളുടെ സാംസ്ക്കാരിക പൈതൃകവും സ്വത്വവും സംരക്ഷിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനുമുള്ള വിവിധതരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അക്കാദമി ചെയർമാന്റെ നിവേദനം ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തുതീരുമാനമെടുത്തുവെന്ന് അറിയിക്കുമോ;

(സി) ന്യൂനപക്ഷക്ഷേമ വകുപ്പിൽനിന്ന് പ്രസ്തുത ആവശ്യത്തിന് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>ന്യൂനപക്ഷ പ്രൊമോട്ടർമാർക്ക് ശമ്പളം നൽകുന്നതിന് നടപടി</u>

5953 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമവകുപ്പ് നിയമിച്ച പ്രമോട്ടർമാർക്ക് ഇതുവരെ ശമ്പളം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊമോട്ടർമാർക്ക് ശമ്പളം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

നേമം നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി

5954 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം നേമം നിയോജക മണ്ഡലത്തിൽ, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി-ഫ്ളെഡ് റിലീഫ്-ൽ ഉൾപ്പെടുത്തി അനുവദിച്ച മരാമത്തു പ്രവൃത്തികളിൽ തിരുവനന്തപുരം നഗരസഭ നടപ്പിലാക്കേണ്ടവ ഏതൊക്കെപ്രവൃത്തികളാണെന്നും, അവയിൽ പൂർത്തിയാക്കിയവ ഏതൊക്കെയാണ്, ഏതൊക്കെ പുരോഗതിയിലെന്നും, ഏതൊക്കെയാണ് ഇനിയും ആരംഭിക്കാനുള്ളതെന്നും, ആയവ എന്തുകൊണ്ടാണ് നാളിതുവരെ ആരംഭിക്കാത്തത് എന്നും, എന്നത്തേക്ക് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുമെന്നും വിശദമാക്കുമോ?